AKPA
REG. No.ER15/85

# ALL KERALA PHOTOGRAPHERS' ASSOCIATION

Regd. No.E.R. 15/85

**STATE COMMITTEE**

Office:AKPA Bhavan,Arangath Cross Road, Pulleppady, Ernakulam-682018 E-mail:akpasc@gmail.com. Website.www.akpa.in

*President*
**P.V. Balan**
Kalpana Studio, Mathamangalam
M.M. Bazar,Kannur-670 306
PH:04985-277045, Mob:9446168145

*General Secretary*
**T.J. VARGHESE**
CC47/227, Thaivelikkath House
WRWA 78, Karshaka Road, Vaduthala, Cochin-682 023
Mob:9846087169, 90200062235

**3-11-2011**

**ബഹുമാനപ്പെട്ട വിദ്യാഭ്യാസ ഡയറക്ടർ അവർകൾക്ക്,**

സർ,

ഈ വർഷം മുതൽ എസ്.എസ്. എൽ.സി. ബുക്കിൽ പതിക്കാനുള്ള ഫോട്ടോ പുതിയ രീതിയിൽ സ്വീകരിക്കുന്നതായി അറിയുന്നു. ഇത് സ്വാഗതാർഹമായ രീതിയാണ്. സർക്കാർ നിശ്ചയിക്കുന്ന ഫോർമാറ്റിൽ **KB** യും **Resolution**നും കൃത്യമായി പ്രൊഫഷണൽ ഫോട്ടോ ഗ്രാഫർമാർക്കേ നൽകാൻ സാധിക്കൂ. എന്നാൽ ചില സ്കൂളുകളിൽ, സ്കൂളുമായി ബന്ധ പ്പെടുന്നവർ സ്വയമോ ചില ഏജന്റുമാരെ ഏൽപ്പിച്ചുകൊണ്ടോ, മൊബൈൽ ഫോൺകേമറ കളിലോ, നിലവാരം കുറഞ്ഞ മറ്റ് ഡിജിറ്റൽ കേമറകളിലോ ഫോട്ടോ എടുത്തുവരുന്നതായി അറിയുന്നു. കുട്ടികളുടെ ഭാവിയിലേക്ക് വേണ്ടുന്ന ഫോട്ടോഗ്രാഫുകൾ ഇതിൽ നിന്ന് ലഭി ക്കുകയില്ല. എന്നു മാത്രമല്ല തുടർപഠനത്തിനായി ഫോട്ടോഎടുക്കുവാൻ വീണ്ടും സ്റ്റുഡിയോ കളിൽ പോകേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇത് കുട്ടികൾക്ക് സാമ്പത്തിക നഷ്ടവും പ്രയാസവും ഉണ്ടാക്കും.

ഫോട്ടോഗ്രാഫി തൊഴിൽ രംഗത്തും സ്കൂൾ പരിസരങ്ങളിലും പ്രശ്നങ്ങൾ ഉണ്ടാ കാതിരിക്കുന്നതിനും കുട്ടികൾക്ക് നല്ല ഫോട്ടോ ലഭിക്കുന്നതിനും അതാത് പ്രദേശത്തുള്ള, കുട്ടികൾക്ക് ഇഷ്ടമുള്ള സ്ഥാപനത്തിൽ നിന്നും ഫോട്ടോ എടുക്കാൻ നിർദ്ദേശം കൊടു ത്താൽ അവർക്ക് ഫോട്ടോയോ, സി.ഡി.യോ കൊടുക്കുന്നത് കൂടാതെ ഓരോ ക്ലാസിലെയും മൊത്തം കുട്ടികളുടെ ഫോട്ടോകളുടെ സിശ്ചിത രീതിയിലുള്ള സി.ഡി. സൗജന്യമായി അതാത് സ്കൂളുകളിൽ നൽകാൻ സംഘടന നിർദ്ദേശം നൽകിയിട്ടുണ്ട്.

ആയതിനാൽ വിദ്യാഭ്യാസവകുപ്പിനും, കുട്ടികൾക്കും, ഫോട്ടോഗ്രാഫി തൊഴിൽ എടുത്ത് ജീവിക്കുന്നവർക്കും, ഗുണകരമായ തീതിയിൽ പൊതുനന്മയ്ക്കുവേണ്ടി ഉചിതമായ നിർദ്ദേശം സ്കുളുകളിലേക്ക് നൽകണമെന്ന് അപേക്ഷിക്കുന്നു.

പി.വി. ബാലൻ
സംസ്ഥാന പ്രസിഡണ്ട്
എ.കെ.പി.എ

ടി. ജെ. വർഗ്ഗീസ്
സംസ്ഥാന ജനറൽ സെക്രട്ടറി
എ.കെ.പി.എ.